അതിവേഗ യാത്രാകപ്പൽ സർവ്വീസ്

21 (*21) ശ്രീ. എളമരം കരീം :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. കുഞ്ഞി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില പ്രധാന തുറമുഖങ്ങൾ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നുവോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങൾ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള കപ്പൽ സർവ്വീസാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ അതിവേഗ യാത്രാക്കപ്പൽ സർവ്വീസിന്റെ നടത്തിപ്പ് ഏത് ഏജൻസികൾ മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ അതിവേഗ കപ്പൽ സർവ്വീസ് ഏതൊക്കെ സീസണിൽ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ യാത്രാക്കപ്പലുകൾ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യാത്രാനിരക്കിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ എന്നും വെളിപ്പെടുത്തുമോ ;

(ജി) കപ്പൽ യാത്രക്കാർക്ക് ഓരോ തുറമുഖങ്ങളിലും എന്തെങ്കിലും സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ സൗകര്യങ്ങൾ എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ&ബി) സംസ്ഥാനത്തെ വിഴിഞ്ഞം, കൊച്ചി, ബേപ്പൂർ എന്നീ തുറമുഖങ്ങൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു അതിവേഗ യാത്രാ കപ്പൽ സർവ്വീസ് (കറ്റാമറൻ/ഹൈഡ്രോഫോയിൽ) നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. ഇതിലേയ്ക്കാവശ്യമായ യാത്രാ കപ്പൽ വാടകയ്ക്ക് എടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിന് കമ്പനി ആവശ്യപ്പെട്ട പ്രകാരം ഒരു കോടി രൂപ സബ്സിഡിയായി നൽകുന്നതിനും തത്വത്തിൽ തീരുമാനമായിട്ടുണ്ട്. എന്നാൽ യാത്രാനിരക്ക്, കപ്പൽ വാടക എന്നിവ സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഴിഞ്ഞം (തിരുവനന്തപുരം), കൊച്ചി, ബേപ്പൂർ (കോഴിക്കോട്) തുടങ്ങിയ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സർവ്വീസാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സർക്കാരിന്റെ പൊതുമേഖലാസ്ഥാപനമായ കെഎസ്ഐ.എൻ.സി-യുടെ ചുമതലയിലാണ് പ്രസ്തുത കപ്പൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) പ്രസ്തുത സർവ്വീസ് മൺസൂൺ കഴിഞ്ഞുള്ള സീസണിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(എഫ്) ആരംഭഘട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമുള്ള യാത്രാക്കപ്പൽ വാടകയ്ക്ക് ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. യാത്രാനിരക്കിനെ സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ജി) യാത്രക്കാർക്ക് ഓരോ തുറമുഖങ്ങളിലും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വകാര്യ ട്രാവൽ ഏജൻസിയുടെ സേവനം ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ തുറമുഖങ്ങളിലും വേണ്ട ജെട്ടി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തുറമുഖ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അംഗവൈകല്യമുള്ളവർക്കായി പുനരധിവാസ ചികിത്സ

22 (*22) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗവൈകല്യമുള്ളവർക്കായി പുനരധിവാസ ചികിത്സ ലക്ഷ്യമാക്കി ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തെ അംഗവൈകല്യമുള്ളവരെ കണ്ടെത്തുന്നതിനും ചലനസഹായികളും മറ്റ് ഉപകരണങ്ങളും അവർക്ക് നൽകുന്നതിനും ആരോഗ്യവകുപ്പ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചു എന്നും അംഗവൈകല്യമുള്ള എത്രപേർക്ക് ഉപകരണങ്ങൾ നൽകി എന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ അംഗവൈകല്യമുള്ളവർക്കായുള്ള പുനഃരധിവാസ ചികിത്സാ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര നോഡൽ ഏജൻസി എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ;

(ഇ) എങ്കിൽ സഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly